പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3129 13.07.2015-ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സിയിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം

ചോദ്യം

ശ്രീ. കെ. ദാസൻ :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സിയിലെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ എന്തെല്ലാം; | (എ) | ഉണ്ട്; കെ.റ്റി.ഡി.എഫ്.സിയിൽ നിന്നുള്ള വായ്പാ തുക പൂർണ്ണമായും മറ്റ് ദേശസാൽകൃത ബാങ്കുകൾ ഏറ്റെടുക്കുന്നതിലേക്കായി ബാങ്കുകളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുന്നതിനായി SBI CAPITAL Market Ltd. എന്ന സ്ഥാപനത്തെ ഉപദേശക സ്ഥാപനമായി കെ.എസ്.ആർ.ടി.സി നിയോഗിക്കുകയും ടി സ്ഥാപനം കെ.എസ്.ആർ.ടി.സിയെ സംബന്ധിച്ച ഫിനാൻഷ്യൽ ഇൻഫർമേഷൻ മെമ്മോറാണ്ടം തയ്യാറാക്കി ബന്ധപ്പെട്ട ബാങ്കുകൾക്ക് ടി വായ്പ ഏറ്റെടുക്കുന്നതിലേക്ക് നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | കെ.എസ്.ആർ.ടി.സിയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിട്ടുള്ള ടിക്കറ്റിതര വരുമാനത്തിന്റെ കണക്ക് വ്യക്തമാക്കാമോ? | (ബി) | ജൂൺ 2011 മുതൽ ഡിസംബർ 2011 വരെ 9,32,79,895/- രൂപയും, 2012 ജനുവരി മുതൽ ഡിസംബർ 2012 വരെ 29,49,23,145/- രൂപയും, 2013 ജനുവരി മുതൽ ഡിസംബർ 2013 വരെ 21,43,71,160/- രൂപയും, 2014 ജനുവരി മുതൽ 2014 ഡിസംബർ വരെ 19,31,37,795/- രൂപയും, 2015 ജനുവരി മുതൽ 2015 ജൂൺ വരെ 8,67,20,663/- രൂപയുമാണ് ടിക്കറ്റിതര വരുമാനമായി ലഭിച്ചത്. |

സെക്ഷൻ ഓഫീസർ